വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, കഴിഞ്ഞ കുറെയേറെ കൊല്ലങ്ങളായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. കാസർകോട്, വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ അദ്ധ്യാപകരും ഗവൺമെൻറ് ജീവനക്കാരും പോകുന്നത് ഒരു പ്രശ്നമായിരുന്നു. അഞ്ചു കൊല്ലത്തിനെറ കണ്ടീഷൻ ഇളവു ചെയ്താൽ ആ നാട്ടുകാർ അവിടെ പോയി ജോലി ചെയ്യും. പലപ്പോഴും ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്. ഇത് പരിഹരിക്കണമെന്നുള്ളത് നിരന്തരമായ ഒരു ആവശ്യമായിരുന്നു. അത് പരിഹരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു എന്ന് സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. വയനാട്, ഇടുക്കി, കാസർകോട് ജില്ലകളിലേക്ക് അദ്ധ്യാപകരും മറ്റു ജീവനക്കാരും പോകുന്നതിന് അഞ്ചു കൊല്ലത്തെ മിനിമം സർവ്വീസ് പൂർത്തിയാക്കണം എന്ന കണ്ടീഷൻ പാലിക്കേണ്ട ആവശ്യമില്ല; അത് ഇളവു ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഉത്തരവ് നൽകിക്കഴിഞ്ഞു എന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്.

(24) പുനലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം

ശ്രീ. പുനലൂർ മധു: സർ, പുനലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സബ്മിഷൻ കൊണ്ടുവരുന്നത്. ദീർഘനാളായി അവിടെ ആരംഭിക്കുമെന്നു ഗവൺമെൻറ് പറഞ്ഞിട്ടുള്ള വിവിധ പദ്ധതികളും ഇപ്പോഴും ആരംഭഘട്ടത്തിൽ എത്തിനിൽക്കുക മാത്രമേ ചെയ്യുന്നുള്ളൂ. 1966-ൽ സ്ഥാപിച്ച ഒരു 66 കെ.വി. സബ്സ്റ്റേഷൻ മാത്രമാണ് പുനലൂരുള്ളത്. മുപ്പതു വർഷങ്ങൾ കഴിഞ്ഞിട്ടും അത് മാറി സ്ഥാപിക്കാനോ അവിടെ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുള്ള പുതിയ ഡിവിഷൻ ആരംഭിക്കാനോ കഴിയാത്ത ചുറ്റുപാടിൽ എത്തിനിൽക്കുകയാണ്. അവിടെ ഈ അടുത്ത സമയത്ത് രണ്ടു പ്രാവശ്യം ഉണ്ടായ പൊട്ടിത്തെറിയിൽ ആറ് ഉദ്യോഗസ്ഥൻമാർ അപകടത്തിൽപ്പെട്ടു. ഒരാൾ അത്യാസന്ന നിലയിൽ ഇപ്പോഴും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. രണ്ടു പ്രാവശ്യം ഗവൺമെൻറിനെറ ഉത്തരവ് ഉണ്ടായിട്ടും നാല് മെഗാവാട്ട് ട്രാൻസ്ഫോർമർ സ്ഥാപിച്ച് അവിടെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താനാവശ്യമായ നടപടി ഉണ്ടായിട്ടില്ല. അതിനാൽ ഗവൺമെൻറിനെറ മുൻപാകെ പ്രപ്പോസലുള്ള ഡിവിഷൻ അടിയന്തിരമായി സ്ഥാപിച്ച് അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം. രണ്ടാമത്, പുനലൂർ മുനിസിപ്പൽ ഏരിയയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് പവർ ഫിനാൻസ് കോർപ്പറേഷനെറ സഹായത്തോടുകൂടി അർബൻ പവർ ഡിസ്ട്രിബ്യൂഷൻ ഇംപ്രൂവ്മെൻറ് സ്കീം എന്ന പേരിൽ പത്തു കോടി രൂപയുടെ ധനസഹായത്തോടുകൂടി ഒരു പുതിയ പദ്ധതിക്ക് എഴുതിപ്പോയത് വൈദ്യുതി ബോർഡിനെറ പരിഗണനയിലുണ്ട്. വൈദ്യുതി ബോർഡ് പവർ ഫിനാൻസ് കോർപ്പറേഷൻ മുൻപാകെ സമ്മർദ്ദം ചെലുത്തിയാൽ പെട്ടെന്ന് നടത്തിച്ചു കിട്ടാവുന്ന ഒരു കാര്യമാണ് അത്. പത്തു കോടി രൂപ മുതൽമുടക്കുള്ള, പുനലൂർ മുനിസിപ്പൽ ഏരിയയിൽ വൈദ്യുതി വിതരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് പവർ ഫിനാൻസ് കോർപ്പറേഷൻ മുൻപാകെ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഈ നിയോജകമണ്ഡലത്തിലെത്തന്നെ മറെറാരു 110 കെ.വി. സബ്സ്റേഷനുള്ള പ്രപ്പോസൽ കഴിഞ്ഞ രണ്ടു പ്രാവശ്യമായി വൈദ്യുതി ബോർഡ് പൂർത്തീകരിക്കുന്ന ബഡ്ജറിൽ ചേർക്കുന്നുണ്ടെങ്കിലും സ്ഥലമെടുപ്പിനുള്ള നടപടികളുമായി കൂടെക്കൂടെ ഉദ്യോഗസ്ഥൻമാർ പോയി നോക്കുന്നതല്ലാതെ അതിന്റെ അന്തിമ ഘട്ടത്തിലേയ്ക്ക് കടക്കുന്നില്ല. ആ സ്ഥലമെടുപ്പ് നടപടികൾ അടിയന്തിരമായി ധൃതഗതിയിലാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഈ മൂന്നു പദ്ധതികളും പെട്ടെന്ന് നടപ്പിലാക്കാൻ ആവശ്യമായ അനുമതി കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വൈദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, പുനലൂർ അർബൻ ബ്ലോക്ക് ഡവലപ്മെൻറ് സിസ്റ്റംകൊണ്ട് ഉദ്ദേശിക്കുന്നത് മുഖ്യമായും പുനലൂർ മുനിസിപ്പൽ ഏരിയയിലെ വിതരണശൃംഖല മെച്ചപ്പെടുത്തലാണ്. 45 കിലോമീറർ ദൈർഘ്യമുള്ള ഭൂഗർഭ കേബിളുകൾ ഇടുക, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുനലൂർ സബ്സ്റേഷനിൽ പുതിയ പത്തു മെഗാവാട്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക തുടങ്ങിയ പരിപാടികളുണ്ട്. ഇതിനുവേണ്ടി ഒൻപതു കോടി രൂപയുടെ അടങ്കൽ ഉള്ള പദ്ധതി പവർ ഫിനാൻസ് കോർപ്പറേഷന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുകയാണ്. പുനലൂർ കേന്ദ്രമാക്കി പുതിയ ഡിവിഷനും നിർദ്ദേശമുണ്ട്. ഒരു കാര്യംകൂടി പറയാനുണ്ട്. 1994-ൽ ചീഫ് എഞ്ചിനീയർ നോർത്തും ചീഫ് എഞ്ചിനീയർ സൗത്തും നേതൃത്വ മെടുത്ത് ഓഫീസുകളുടെ പുനഃസംവിധാനം നടത്തണമെന്ന് ഗവൺമെൻറ് ബോർഡിനോട് ആവശ്യപ്പെട്ടു. വർഷങ്ങളായി നിൽക്കുന്ന കൺസ്യൂ മേഴ്സിന്റെ ഒരു സിസ്റ്റം വച്ചുകൊണ്ടാണ് നിലവിലുള്ള ഓഫീസ് പ്രവർത്തിക്കുന്നത്. ഓഫീസ് പുനഃസംവിധാനം വേണമെന്ന ഒരു ഘട്ടം വന്നു. 1994-ൽ ബോർഡിനോട് ഗവൺമെൻറ് ഇത് ആവശ്യ പ്പെട്ടതാണ്. അതിനുശേഷം ഈ രണ്ട് ചീഫ് എഞ്ചിനീയർമാരും ഒരു പ്രപ്പോസൽ തന്നു. അത് പഠിക്കുന്നതിനു ഒരു മൂന്നംഗ കമ്മിറിയെ ബോർഡ് നിയോഗിച്ചു. ആ മൂന്നംഗ കമ്മിറിയുടെ ഒരു ഔദ്യോഗിക പ്രപ്പോസൽ ബോർഡിൽനിന്നും ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അഞ്ചു കോടി രൂപ അധികമായി ഇതിനു ചെലവു വരുമെന്നാണ് ബോർഡ് പറയുന്നത്. ഗവൺമെൻറിന്റെ മറെറല്ലാ ഡിപ്പാർട്ടുമെൻറു കളുടേയും അന്തിമമായ അംഗീകാരത്തിനു വിധേയമായി മാത്രമേ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. മൂന്നു ഘട്ടമായിട്ടാണ് ഇത് പ്രാബല്യത്തിൽ വരിക. ഇത് ഗവൺമെൻറിന്റെ അന്തിമമായ തീരുമാനത്തിനു വിധേയമായിട്ടാണ് വരുന്നത്. ഇവിടെ ഒരു നിർദ്ദേശം വന്നിരിക്കുന്നത് മൂന്നു പുതിയ സർക്കിളുകൾ സ്ഥാപിക്കുക എന്നതാണ്. എറണാകുളം ഇലക്ട്രിക്കൽ സർക്കിൾ—എറണാകുളം വലിയൊരു ജില്ലയാണ്. അത് ബൈഫർക്കേറ്റ് ചെയ്ത് പെരുമ്പാവൂർ കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സർക്കിൾ സ്ഥാപിക്കും. തൃശ്ശൂരിൽ ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയൊരു ഇലക്ട്രിക്കൽ സർക്കിൾ സ്ഥാപിക്കും. തിരുവനന്തപുരം ജില്ലയിൽ ട്രിവാൻഡ്രം അർബൻ സർക്കിളും കാട്ടാക്കട കേന്ദ്രമാക്കി ട്രിവാൻഡ്രം റൂറൽ സർക്കിളും വരും. നാലു പുതിയ ഇലക്ട്രിക്കൽ ഡിവിഷനുകൾ വരികയാണ്. കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിൾ ബൈഫർക്കേറ്റ് ചെയ്ത് പുനലൂരിൽ ഇലക്ട്രിക്കൽ സർക്കിൾ വരുന്നുണ്ട്. തൊടുപുഴ ഇലക്ട്രിക്കൽ സർക്കിൾ ബൈഫർക്കേറ്റ് ചെയ്ത് കട്ടപ്പന ഇലക്ട്രിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

സർക്കിൾ വരും. ഇപ്പോൾ വരാൻ പോകുന്ന പെരുമ്പാവൂർ സർക്കിൾ ബൈഫർക്കേറ്റ് ചെയ്തത് അതിൽ അങ്കമാലി കാസർകോട് ഒരു ഇലക്ട്രിക്കൽ സർക്കിൾ വരാനുള്ളതു മാത്രമാണുള്ളത്. കാഞ്ഞങ്ങാട് കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ മേജർ ഡിവിഷൻ വരുന്നു. പുനലൂർ, കട്ടപ്പന, അങ്കമാലി, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി നാല് പുതിയ ഇലക്ട്രിക്കൽ ഡിവിഷനുകളുണ്ടാക്കും. കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിൾ ബൈഫർക്കേറ്റ് ചെയ്ത് പുനലൂർ സർക്കിൾ വരും. അതോടൊപ്പം 36 ഇലക്ട്രിക്കൽ മേജർ സെക്ഷനും 30 ഇലക്ട്രിക്കൽ സാറ്റലൈറ്റ് സെക്ഷനുകളുമുണ്ടാകും. അപ്പോൾ മൂന്നു പുതിയ ഇലക്ട്രിക്കൽ സർക്കിളുകളും, നാലു പുതിയ ഇലക്ട്രിക്കൽ ഡിവിഷനുകളും, 36 ഇലക്ട്രിക്കൽ മേജർ സെക്ഷനുകളും, 30 ഇലക്ട്രിക്കൽ സെക്ഷനുകളും ഇവ വരുന്നതിന് അഞ്ചു കോടി രൂപയാണ് അധിക ചെലവ് വരുന്നത്. ഗവൺമെൻറിന്റെ തീരുമാനത്തിന് വിധേയമായി ഘട്ടംഘട്ടമായി ഏറ്റവും കുറഞ്ഞത് മൂന്നു ഫെയിസായിട്ട് നടപ്പിൽ വരുത്താനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. ബോർഡിൽനിന്നും ഗവൺമെൻറിന്റെ പരിഗണനയ്ക്കു വന്ന കാര്യം ഞാൻ നിയമസഭയിൽ അറിയിച്ചതാണ്.

(25) അരൂർ–മട്ടാഞ്ചേരി 110 കെ. വി. സബ്സ്റ്റേഷൻ

ശ്രീ. എം. ജെ. സക്കറിയ: സർ, രൂക്ഷമായ വൈദ്യുതിക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് മട്ടാഞ്ചേരി. കേരളത്തിലെ ഏറ്റവും വലിയ മൽസ്യ സംസ്കരണ മേഖലയാണ് ഈ പ്രദേശം. കൊച്ചിൻ ഇലക്ട്രിക്കൽ കമ്പനി എന്ന സ്വകാര്യ സ്ഥാപനം ഇവിടെ വൈദ്യുതി വിതരണം നടത്തിയിരുന്നതിനെ അപേക്ഷിച്ച് മെച്ചപ്പെട്ട ഒന്നും ഇലക്ട്രിസിറ്റി ബോർഡിന്റെ വരവോടുകൂടി അവിടെ ഉണ്ടായിട്ടില്ല, അതേസമയം അരൂർ–മട്ടാഞ്ചേരി 110 കെ. വി. സബ്സ്റ്റേഷന്റെ പണി വളരെ മുൻപേ തുടങ്ങിയതാണ്. അതു പൂർത്തിയാക്കാൻ ഇന്നും സാധിച്ചിട്ടില്ല. അതിന് ഒരുപാട് പ്രതിബന്ധങ്ങളുണ്ടായിരുന്നു. ആ പ്രതിബന്ധങ്ങൾ 75 ശതമാനവും നീങ്ങി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോസ്റ്റ് ഗാർഡിന്റെ തടസ്സം, വിശാല കൊച്ചി വികസന അതോറിറ്റിയുടെ തടസ്സം, ക്ഷേത്ര ഭാരവാഹികളുടെ തടസ്സം ഇതൊക്കെയായിരുന്നു ഇതിനൊരു പ്രതിബന്ധമായി ഉണ്ടായിരുന്നത്. ഇപ്പോൾ നേവിയാണ് പ്രതിബന്ധമായി നിൽക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അരൂർ–മട്ടാഞ്ചേരി 110 കെ. വി. സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നും അതിനുള്ള പടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പ് മന്ത്രി. (ശ്രീ. ജി. കാർത്തികേയൻ): സർ, ഇതിൽ പ്രധാനമായും രണ്ടുകാര്യങ്ങളാണ് വന്നിട്ടുള്ളത്. ഒന്ന് നേവൽ ഡിപ്പാർട്ടുമെൻറിന്റെ ഒരു തർക്കവും കോസ്റ്റ് ഗാർഡിന്റെ

12 noon] തർക്കവും. നേവൽ ഹെഡ് ക്വാർട്ടേഴ്സിൽ ബോർഡ് ബന്ധപ്പെട്ടിട്ട്, ഡിപ്പാർട്ടുമെൻറിന്റെ അനുമതി കിട്ടാൻ സാദ്ധ്യത കുറവായതുകൊണ്ട് ലൈൻ റീ–റൂട്ട് ചെയ്യാനുള്ള നടപടികളും ബോർഡ് ആലോചിച്ചുവരുന്നു. കോസ്റ്റ് ഗാർഡിന്റെ പ്രശ്നം ഏകദേശം നീങ്ങി. ഈ രണ്ടു പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായതിനു ശേഷംമാത്രമേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ടുകളും

LIBRARY ARCHIVES Kerala Legislative Assembly